# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1652 — 14.12.2012- ൽ മറുപടിക്ക്

**<u>കൃഷി ഓഫീസർമാരുടേയും മൃഗഡോക്ടർമാരുടെയും നിയമനം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. കെ. നാണു | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പുമന്ത്രി) |
| എ) നടപ്പു സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് അനുവദിച്ച തുകയിൽ എത്ര ശതമാനം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ: | എ | നടപ്പു സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് 1771.024 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ 15.68% (277.616 ലക്ഷം രൂപ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി മൊത്തം അനുവദിച്ച തുകയിൽ 7.17 ശതമാനം കോഴിക്കോട് ജില്ലയിൽ ചെലവഴിച്ചു. എസ്.എച്ച്.എം മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ പദ്ധതി പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി മൊത്തം അനുവദിച്ച തുകയിൽ 0.31 ശതമാനം കോഴിക്കോട് ജില്ലയിൽ ചെലവഴിച്ചു.<br><br>വി.എഫ്.പി.സി.കെ പച്ചക്കറി വ്യാപനത്തിനും മാർക്കറ്റുകളുടെ വിപുലീകരണത്തിനുമായി അനുവദിച്ച തുകയിൽ 30 ശതമാനം തുക വിനിയോഗിച്ചിട്ടുണ്ട്. |
| ബി) കൃഷി ഓഫീസർമാരില്ലാത്ത വടകരയിലെ കൃഷി ഓഫീസുകളിൽ നിയമനം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ; | ബി | കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി- ൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കുന്ന മുറയ്ക്ക് വടകരയിലെ കൃഷി ഓഫീസുകളിലെ ഒഴിവുകൾ നികത്തുന്നതാണ്. |

| | | |
|---|---|---|
| സി | മൃഗ ഡോക്ടർമാരില്ലാത്ത വടകര സി യിലെ മൃഗാശുപത്രികളിൽ മൃഗ ഡോകട്ർമാരെ നിയമിക്കാൻ നട പടി സ്വീകരിക്കുമോ? | ഒഴിവുള്ള മൃഗാശുപത്രികളിൽ ഡോക്ടർ മാരെ നിയമിക്കാൻ നടപടി സ്വീകരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ